## പതിമൂന്നാം കേരള നിയമസഭ
## ഒൻപതാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത നിയമസഭാ ചോദ്യം നം. 1328

14/06/2013-ൽ മറുപടിയ്ക്ക്

### മട്ടന്നൂർ നിയോജക മണ്ഡലത്തെ ഹാഡ പദ്ധതിയിൽ ഉൾപ്പെടുത്തുന്ന നടപടി

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ. ഇ. പി. ജയരാജൻ | ശ്രീ.കെ.സി.ജോസഫ് (ഗ്രാമവികസനവും ആസൂത്രണവും സാംസ്കാരികവും നോർക്കയും വകുപ്പു മന്ത്രി) |
| (എ) മലയോരവികസന ഏജൻസിയിൽ മട്ടന്നൂർ നിയോജക മണ്ഡലത്തെ ഉൾപ്പെടുത്തിക്കൊണ്ട് ഉത്തരവ് പുറപ്പെടുവിക്കാമെന്ന് നൽകിയ ഉറപ്പ് പ്രകാരം പ്രസ്തുത മണ്ഡലത്തെ ഉൾപ്പെടുത്തി ഉത്തരവ് പുറപ്പെടുവിക്കുകയുണ്ടായോ; എങ്കിൽ ഉത്തരവിന്റെ പകർപ്പ് ലഭ്യമാക്കുമോ; | (എ) 27/3/2013 ൽ കൂടിയ മലയോരവികസന ഏജൻസിയുടെ ഗവേണിംഗ് ബോഡി യോഗം സംസ്ഥാനത്തെ 560 ഗ്രാമ പഞ്ചായത്തുകളെ മലയോരവികസന ഏജൻസിയുടെ പരിധിയിൽ ഉൾപ്പെടുത്തിയിട്ടുണ്ട്. ഇതിൽ മട്ടന്നൂർ നിയോജക മണ്ഡലത്തിലെ ഗ്രാമ പഞ്ചായത്തുകളും ഉൾപ്പെട്ടിട്ടുണ്ട്. |
| (ബി) പ്രസ്തുത മണ്ഡലത്തിലെ കോളയാട്, ചിറ്റാരിപ്പറമ്പ്, മാലൂർ, മാങ്ങാട്ടിടം, പടിയൂർകല്യാട്, തില്ലങ്കേരി, കൂടാളി, കീഴല്ലൂർ എന്നീ ഗ്രാമപഞ്ചായത്തുകളെ ഹാഡ പദ്ധതിയിൽ ഉൾപ്പെടുത്തിയിട്ടുണ്ടോ യെന്നു വ്യക്തമാക്കുമോ ? | (ബി) ഫണ്ടിന്റെ അപര്യാപ്തത മൂലം 800 മീറ്ററിൽ കൂടുതൽ ഉയരമുള്ള പ്രദേശങ്ങൾ ഉൾക്കൊള്ളുന്ന ഗ്രാമ പഞ്ചായത്തുകളെയും പ്രകൃതി ദുരന്തങ്ങൾക്ക് വിധേയമായ ഗ്രാമപഞ്ചായത്തുകളെയുമാണ് പ്രോജക്ടുകൾ നടപ്പിലാക്കുന്നതിന് ഇപ്പോൾ ഒന്നാം ഘട്ടമായി ഉൾപ്പെടുത്തിയിട്ടുള്ളത്. ഇതിൽ കോളയാട്, ചിറ്റാരിപ്പറമ്പ്, മാലൂർ, മാങ്ങാട്ടിടം, പടിയൂർകല്യാട്, തില്ലങ്കേരി, കൂടാളി, കീഴല്ലൂർ എന്നീ ഗ്രാമപഞ്ചായത്തുകൾ ഉൾപ്പെടുന്നില്ല. കൂടുതൽ ഫണ്ട് ലഭ്യമാകുന്ന മുറക്ക് ഹാഡയുടെ പരിധിയിലുള്ള മുഴുവൻ ഗ്രാമപഞ്ചായത്തുകളിലും പ്രോജക്ടുകൾ നടപ്പിലാക്കുവാൻ ഉദ്ദേശിക്കുന്നു. |

Bijumon

സെക്ഷൻ ഓഫീസർ